## 407

അൻപു നിറഞ്ഞ പൊന്നേശുവേ! നിൻപദ സേവയെന്നാശയേ-

1 ഉന്നതത്തിൽ നിന്നിറങ്ങി മന്നിതിൽ വന്ന നാഥാ! ഞാൻ
നിന്നടിമ നിൻമഹിമ ഒന്നുമാത്രമെനിക്കാശയാം-

2 ജീവനറ്റ പാപിയെന്നിൽ ജീവൻ പകർന്ന യേശുവേ
നിന്നിലേറെ മന്നിൽ വേറെ സ്നേഹിക്കുന്നില്ല ഞാനാരെയും-

3 അർദ്ധപ്രാണനായ് കിടന്നൊരെന്നെ നീ രക്ഷചെയ്തതാൽ
എന്നിലുള്ള നന്ദിയുള്ളം താങ്ങുവതെങ്ങനെയെൻ പ്രിയാ!-

4 ഇന്നു പാരിൽ കണ്ണുനീരിൽ നിൻ വചനം വിതയ്ക്കും ഞാൻ
അന്നു നേരിൽ നിന്നരികിൽ വന്നു കതിരുകൾ കാണും ഞാൻ-

5 എന്മനസ്സിൽ വന്നുവാഴും നന്മഹത്വ പ്രത്യാശയേ
നീ വളർന്നും ഞാൻ കുറഞ്ഞും നിന്നിൽമറഞ്ഞു ഞാൻ മായണം-

**M.E.C**